# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1087 04.12.2014 -ലെ മറുപടിയ്ക്ക്**

**ഇ-മെയിൽ സംവിധാനം വഴി പി.എസ്.സി ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി. സജീന്ദ്രൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 24/07/2014-ലെ 15343/ഉപ.C3/2014/ഉഭപവ നമ്പറിലുള്ള ഉദ്യോഗസ്ഥഭരണ പരിഷ്കാര (ഉപദേശക C) വകുപ്പിന്റെ പരിപത്ര പ്രകാരവും പരിപത്രത്തിന്റെ സൂചനയിലെ പരിപത്ര പ്രകാരവും പി.എസ്.സി ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത് ഇ-മെയിൽ സംവിധാനം വഴി ആയിരിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും എന്തെല്ലാം നടപടികൾ ഇതിനായി കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;<br>(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) (സി) ഇ-മെയിൽ സംവിധാനം വഴി പി.എസ്.സി ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതനുസരിച്ച് ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഈ വകുപ്പുകളിലെ കൊമേഴ്സ് (ജൂനിയർ/സീനിയർ) ഹയർ സെക്കണ്ടറി അധ്യാപകരുടെ ഒഴിവുകൾ മേൽപറഞ്ഞ പരിപത്ര പ്രകാരം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;<br>(ഇ) ഇല്ലെങ്കിൽ ഇതിനുള്ള സംവിധാനം ഉടൻ ഏർപ്പെടുത്തുമോ? | (ഡി) & (ഇ) നിലവിലുള്ള സമ്പ്രദായത്തിൽ ഒഴിവുകളെല്ലാം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഇ-മെയിൽ സംവിധാനം മുഖേന റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Udayakumar

സെക്ഷൻ ഓഫീസർ